**പതിനാലാം കേരള നിയമസഭ**
**പത്തൊമ്പതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2243** **11-03-2020-ൽ മറുപടിക്ക്**

# ടൂറിസം രംഗത്ത് പുതിയ സാധ്യതകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ടി. വി. ഇബ്രാഹിം | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ടൂറിസം രംഗത്ത് പുതിയ സാധ്യതകൾ പരിശോധിക്കാനും പരീക്ഷിക്കാനും സർക്കാർ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് ടൂറിസം രംഗത്ത് നടപ്പിലാക്കാൻ കഴിയുന്ന പുതിയ പദ്ധതികൾ പരിശോധിച്ച് നടപ്പിലാക്കി വരുന്നു. |
| (ബി) | കൊണ്ടോട്ടി മോയിൻകുട്ടി വൈദ്യർ മാപ്പിള കലാ അക്കാദമിയും താക്കിയാവും നെടിയിരുപ്പ് സ്വരൂപവും ചേർത്ത് ഒരു പൈതൃക ടൂറിസം പദ്ധതി ആവിഷ്കരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (ബി) | കൊണ്ടോട്ടി മോയിൻകുട്ടി വൈദ്യർ മാപ്പിള കലാ അക്കാദമിയും താക്കിയാവും നെടിയിരുപ്പ് സ്വരൂപവും ചേർത്ത് ഒരു പൈതൃക ടൂറിസം പദ്ധതി ആവിഷ്കരിക്കുന്നതിനുള്ള സ്ഥലവും പ്രൊപ്പോസലും ലഭ്യമാകുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് നടപടി സ്വീകരിക്കാവുന്നതാണ്. |
| (സി) | വളരെയേറെ ടൂറിസം സാധ്യതയുണ്ടായിട്ടും കൊണ്ടോട്ടി പൈതൃക ടൂറിസം പദ്ധതിയോട് സർക്കാർ കാണിക്കുന്ന അവഗണനയുടെ കാരണം വ്യക്തമാക്കാമോ? | (സി) | നെടിയിരുപ്പ് സ്വരൂപം കൊണ്ടോട്ടി പൈതൃക നഗരം പദ്ധതിയുമായി ബന്ധപ്പെട്ട് ടൂറിസം സാധ്യതകൾ വിലയിരുത്തി വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കുവാനുള്ള നടപടി സ്വീകരിച്ച് വരുന്നു. |

**സെക്ഷൻ ഓഫീസർ**